# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4269 — 24.06.2019 -ൽ മറുപടിക്ക്

### ധനുഷ് പദ്ധതി

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത് കോയ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ കോഴിക്കോട് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ധനുഷ് എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ കോഴിക്കോട് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ധനുഷ് എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ഉള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കുക.<br>2. ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലെ 50% സീറ്റുകൾ കേരളത്തിലെ വിദ്യാർത്ഥികൾ നേടിയെടുക്കുക.<br>3. ശാസ്ത്രം, ഗണിതം, ഹ്യൂമാനിറ്റീസ്, ഭാഷ, മാനേജ്മെന്റ്, നിയമം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ ആഴമേറിയ പഠനം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളായി കേരളത്തിലെ വിദ്യാർത്ഥികളെ വാർത്തെടുക്കുക. |
| (ബി) | ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തുടക്കമെന്ന നിലയിൽ ഈ പദ്ധതി കോഴിക്കോട് ജില്ലയിൽ (പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിൽ)ആണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിജയത്തെ ആസ്പദമാക്കി വരും വർഷങ്ങളിൽ മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നത് ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ